സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com വാല്യം: 59 ലക്കം: 223 2024 ഡിസംബർ 26 വ്യാഴം പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

'എം.ടി. ഒരു പാഠപുസ്തകമായി എന്നുമുണ്ടാകും, അദ്ദേഹത്തിന്റെ സ്ത്രീകഥാപാത്രങ്ങൾ ലോകത്തിനൊപ്പം നീങ്ങിയവ'

കോഴിക്കോട്: എം.ടി ഇല്ലാതാകുന്ന സാഹിത്യത്തെയോ സമൂഹിക സാഹചര്യമോ ഒരിക്കലും സങ്കൽപ്പിച്ചിട്ടില്ലെന്ന് സാഹിത്യകാരി കെ.ആർ മീര. ഭാഷയുടെ കാര്യത്തിൽ തന്നെ ഏറെ സ്വാധീനിച്ച വ്യക്തിയായിരുന്നു എം.ടി വാസുദേവൻ നായരെന്നും അദ്ദേഹത്തിന്റെ സ്ത്രീ കഥാപാത്രങ്ങൾ ലോകത്തിനൊപ്പം നീങ്ങിയവയായിരുന്നുവെന്നും മീര അനുസ്മരിച്ചു. എംടി എന്ന രണ്ടക്ഷരം മാത്രം മതിയായിരുന്നു ഒരു പുസ്തകം വായിക്കാനും സിനിമ കാണാനും. അദ്ദേഹത്തിന്റെ എഴുത്തുകളിൽ എന്നും പുതുമ ഉണ്ടായിരുന്നു. പുരോഗമന ആശയങ്ങൾ കാലത്തിന് മുൻപേ സമ്മാനിച്ച എഴുത്തുകാർ വേറെ ഇല്ല. പുതിയ എഴുത്തുകാരുടെ സൃഷ്ടികൾ വളരെ ശ്രദ്ധാപൂർവ്വം അദ്ദേഹം ശ്രദ്ധിക്കുമായിരുന്നു.

പ്രിയപ്പെട്ട എം.ടിക്ക് വിട

കോഴിക്കോട്: എഴുത്തിന്റെ ഓളവും തീരവും തീർത്ത കാലം ഇനി ഓർമകളിലേക്ക്. മൗനത്തെ പ്രണയിച്ച എം.ടി വിട പറയുമ്പോൾ ഇത് മഹാമൗനത്തിന്റെ നിമിഷങ്ങൾ. ശൂന്യവേള. തിരിഞ്ഞുനോക്കുമ്പോൾ മലയാളിക്ക് കൃതജ്ഞതയോടെ കൈകൂപ്പാം; ജീവിതത്തിലെ പൊള്ളയായ യാഥാർഥ്യങ്ങളിലേക്ക് അക്ഷരക്കൂട്ടുകളിലൂടെ കൈപിടിച്ചു നടത്തിയതിന്. ബന്ധവും ബന്ധനവും പണവും പ്രതാപവും എന്തെന്ന് നിർവചിച്ച എം.ടി ഇനി വരാനിരിക്കുന്ന അത്രയും തലമുറ വായിച്ചാൽ തീരാത്ത അത്രയും ജീവിതങ്ങളെ കഥകളിൽ അവശേഷിപ്പിച്ചുകൊണ്ട് കഥാപാത്രങ്ങളെ ബാക്കിവച്ച് കടന്നുപോകുമ്പോൾ കാലവും നന്ദി പറയുന്നു, കൂടെച്ചേർന്ന് നടന്നതിന്. മലയാളത്തിന്റെ അക്ഷരപുണ്യം പ്രിയപ്പെട്ട എം.ടിയെ അവസാനമായി ഒരു നോക്ക് കാണാനും അന്ത്യാഞ്ജലി അർപ്പിക്കാനും അദ്ദേഹത്തിന്റെ വസതിയായ 'സിതാര'യിലേക്ക് മലയാളി ജീവിതത്തിന്റെ സമസ്ഥലമേഖലയിലുള്ളവരും ഒഴുകിയെത്തുന്നു. വൈകിട്ട് നാല് അഞ്ച് മണിയോടെ മാവൂർ റോഡിലെ സ്മൃതിപഥമെന്ന പുതുക്കിപ്പണിത ശ്മശാനത്തിൽ ആദ്യത്തേതായി എം.ടിയുടെ ശരീരം അഗ്നിനാളങ്ങൾ ഏറ്റുവാങ്ങും.



എംടിയെ അനുസ്മരിച്ച് രാഷ്ട്രപതിയും പ്രധാനമന്ത്രിയും

കോഴിക്കോട്: മലയാളത്തിന്റെ മഹാ സാഹിത്യകാരൻ എം.ടി വാസുദേവൻ നായരുടെ നിര്യാണത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമുവും പ്രധാനമന്ത്രി നരേന്ദ്രമോദിയും ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയും അനുശോചിച്ചു. മലയാള സിനിമയിലെയും സാഹിത്യത്തിലെയും ഏറ്റവും ആദരണീയനായ വ്യക്തിയാണ് എംടിയെന്നും പാർശ്വവൽക്കരിക്കപ്പെട്ടവന് അദ്ദേഹം ശബ്ദം നൽകി എന്നും പ്രധാനമന്ത്രി എക്സിൽ കുറിച്ചു.

'മലയാള സിനിമയിലെയും സാഹിത്യത്തിലെയും ഏറ്റവും ആദരണീയമായ വ്യക്തിത്വങ്ങളിലൊന്നായ എംടി വാസുദേവൻ നായരുടെ വിയോഗത്തിൽ അങ്ങേയറ്റത്തെ ദുഃഖമുണ്ട്. മാനുഷിക വികാരങ്ങളുടെ ആഴത്തിലുള്ള പര്യവേഷണങ്ങളിലൂടെ അദ്ദേഹത്തിന്റെ കൃതികൾ തലമുറകളെ രൂപപ്പെടുത്തിയതിനൊപ്പം ഇനിയും പലരെയും പ്രചോദിപ്പിക്കുകയും ചെയ്യും. നിശബ്ദർക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും അദ്ദേഹം ശബ്ദം നൽകി' അനുശോചന സന്ദേശത്തിൽ മോദി കുറിച്ചു. എംടിയുടെ കുടുംബാംഗങ്ങളെയും അദ്ദേഹം അനുശോചനം അറിയിച്ചു.

എംടിയുടെ വിയോഗത്തിലൂടെ മലയാള സാഹിത്യലോകത്തിന് കനത്ത നഷ്ടമാണെന്നാണ് രാഷ്ട്രപതി ദ്രൗപതി മുർമു അനുശോചന സന്ദേശത്തിൽ പറഞ്ഞത്. 'അദ്ദേഹത്തിന്റെ രചനകളിൽ ഗ്രാമീണ ഇന്ത്യ സജീവമായിരുന്നു. പത്മഭൂഷൺ ഉൾപ്പടെയുള്ള സുപ്രധാന പുരസ്കാരങ്ങൾ നൽകി രാജ്യം അദ്ദേഹത്തെ ആദരിച്ചിട്ടുണ്ട്. മലയാള സിനിമയ്ക്കും അദ്ദേഹം കാര്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്' രാഷ്ട്രപതി പറഞ്ഞു. മലയാള സാഹിത്യത്തിനും സിനിമയ്ക്കും നികത്താനാവാത്ത നഷ്ടമാണ് ഉണ്ടായിരിക്കുന്നതെന്നാണ് ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിപറഞ്ഞത്.

സ്മൃതിപഥത്തിലേക്ക് ആദ്യത്തെ വിലാപയാത്ര

കോഴിക്കോട്: ഏഴരപ്പതിറ്റാണ്ടുകാലം മലയാളികളെ തൂലികയിലൂടെ ജീവിതത്തിന്റെ പല അടരുകളിലൂടെ നടത്തിച്ച സാഹിത്യത്തിന്റെ യുഗപ്രഭാവന് മലയാളം ഇന്ന് വിട നൽകും. 'കാറ്റത്ത് ഒരു തിരിനാളം അണഞ്ഞുപോകുന്നതുപോലെ മരിക്കാനാണ് എനിക്കാഗ്രഹം' എന്നെഴുതിയ എം.ടി, ഒരു തിരിനാളം പോലെ അണയും വരെ അക്ഷരങ്ങൾകൊണ്ട് പ്രകാശം നൽകി. എം.ടി എന്ന വൻവൃക്ഷത്തണലിൽ അദ്ദേഹത്തിന്റെ ബന്ധുജനങ്ങളും വായനക്കാരും സുഹൃത്തുക്കളും പരിചിതരും ആശ്രയം കൊണ്ടു. മലയാളത്തിന്റെ എം.ടി ക്കാലം ഇന്ന് വൈകിട്ട് നാലു മണിയോടെ കോഴിക്കോട് കൊട്ടാരം റോഡിലെ സിതാരയിൽ നിന്നും പടിയിറങ്ങുകയാണ്. ആ കാലം ഇനി ഓർമയുടെ നാലുകെട്ടിലേക്ക്

ബുധനാഴ്ച രാത്രി പത്തുമണിയോടെയായിരുന്നു എം.ടിയുടെ അന്ത്യം സംഭവിച്ചത് രാത്രി പതിനൊന്നുമണിയോടെ അദ്ദേഹത്തിന്റെ സ്വന്തം വസതിയായ സിതാരയിലേക്ക് ഭൗതികശരീരം കൊണ്ടുവന്നതുമുതൽ സമൂഹത്തിന്റെ നാനാതുറയിൽപ്പെട്ടവർ അന്ത്യോപചാരങ്ങളർപ്പിക്കാനായി ഒഴുകുകയായിരുന്നു. തന്റെ ഭൗതിക ശരീരംപൊതുദർശനത്തിന് വെച്ച് ആളുകൾക്ക് ബുദ്ധിമുട്ടുണ്ടാക്കരുത്, റോഡുകളിൽ വാഹനഗതാഗതം തടസ്സപ്പെടരുത്, എന്ന് കർശനമായി പറഞ്ഞ എം.ടിയെ അവസാനമായി ഒരു നോക്കുകാണാൻ അദ്ദേഹത്തിന്റെ വീട് എക്കാലത്തയുമെന്നപോലെ സന്ദർശകർക്കായി തുറന്നുകിടന്നു. മാവൂർറോഡിലെ പൊതുശ്മശാനം 'സ്മൃതിപഥം' എന്ന പേരിട്ട് പുതുക്കിപ്പണിത് ദിവസങ്ങളേ ആയിട്ടുള്ളൂ. സ്മൃതിപഥത്തിലേക്ക് ആദ്യത്തെ വിലാപയാത്ര എം.ടിയുടെ ഭൗതികശരീരവും വഹിച്ചുകൊണ്ടുള്ളതാണ് എന്നത് കാലത്തിന്റെ നിയതി മാത്രം.

അപകടത്തിന് മുൻപും ശേഷവുമുള്ള വിമാനത്തിനകത്തെ ദൃശ്യം പുറത്ത്; മരണം 38 ആയി

ന്യൂഡൽഹി: കസഖ്സ്ഥാനിൽ യാത്രാവിമാനം തകർന്ന് മരിച്ചവരുടെ എണ്ണം 38 ആയി. 67 യാത്രക്കാരുമായി പോയ അസർബെയ്ജാൻ എയർലൈൻസ് വിമാനമാണ് തകർന്നത്. അസർബൈയ്ജാൻ തലസ്ഥാനമായ ബാകുവിൽ നിന്ന് റഷ്യൻ നഗരമായ ഗ്രോസ്നിയിലേക്കുള്ള പോകുമ്പോഴാണ് അപകടം. 29പേർ പരുക്കേറ്റ് ചികിൽസയിലുണ്ട്.

ഗ്രോസ്നിയിലേക്കുള്ള വിമാനം റൂട്ട് മാറ്റി കാസ്പിയൻ കടലിനു മുകളിലൂടെ പോയത് എന്തിന് എന്നതിൽ ഇതുവരെ വിശദീകരണമില്ല. പക്ഷിക്കൂട്ടം ഇടിച്ചതിനെ തുടർന്ന് അടിയന്തര ലാൻഡിങ്ങിന് ശ്രമിച്ചതാകാമെന്നാണ് ഇതുവരെയുള്ള വിശദീകരണം. എന്നാൽ ഇതിലും സ്ഥിരീകരണമില്ല.

സർബെയ്ജാൻ, കിർഗിസ്ഥാൻ, കസാഖിസ്ഥാൻ, റഷ്യ എന്നിവിടങ്ങളിൽ നിന്നുള്ള യാത്രക്കാരാണ് അപകടത്തിൽപ്പെട്ടത്. അപകടത്തിന് തൊട്ടുമുൻപ് വിമാനത്തിനുള്ളിൽ നിന്ന് യാത്രക്കാർ എടുത്ത ദൃശ്യങ്ങളും പുറത്തുവന്നിട്ടുണ്ട്.

2025ഓടെ ലോകം മറ്റൊരു മഹാമാരിക്ക് സാക്ഷ്യം വഹിക്കും

2019ന്റെ അവസാനമാണ് ലോകത്ത് കൊവിഡ് എന്ന മഹാമാരി കടന്നുവരുന്നത്, ലോകമെമ്പാടുമുള്ള ലക്ഷക്കണക്കിന് ആളുകളാണ് ഈ സമയത്ത് മരിച്ചത്. ലോകം വീടുകളിലേക്ക് മാത്രം ഒതുങ്ങി കൂടുകയും ചെയ്ത സമയം ആർക്കും അത്രവേഗം മറക്കാൻ കഴിയില്ല. ഇപ്പോഴും കൊവിഡിന്റെ പല പരിണിത ഫലവും നാം അനുഭവിക്കുന്നുണ്ട്. ഇനിയും ഇത്തരത്തിലുള്ള മഹാമാരികൾ വരുമെന്ന് വിദഗ്ധർ മുന്നറിയിപ്പ് നൽകിയിരുന്നു. അടുത്തത് എന്തായിരിക്കും എന്നാണ് എല്ലാവരുടെയും ആശങ്ക.

എം.ടിക്ക് അന്തിമോപചാരം അർപ്പിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ

കോഴിക്കോട്: അന്തരിച്ച വിഖ്യാത സാഹിത്യകാരൻ എം.ടി വാസുദേവൻ നായർക്ക് അന്തിമോപചാരം അർപ്പിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ. കോഴിക്കോട്ടെ എം.ടിയുടെ വീട്ടിലെത്തിയാണ് മുഖ്യമന്ത്രി അദ്ദേഹത്തിന് അന്തിമോപചാരമർപ്പിച്ചത്. മന്ത്രിമാരായ എ.കെ ശശീന്ദ്രൻ, പി.എ മുഹമ്മദ് റിയാസ് എന്നിവർ അദ്ദേഹത്തിനൊപ്പമുണ്ടായിരുന്നു. മലയാള സാഹിത്യത്തെ ലോകസാഹിത്യത്തിന്റെ നെറുകയിലെത്തിച്ച പ്രതിഭയേയാണ് നമുക്ക് നഷ്ടമായിരിക്കുന്നതെന്ന് നേരത്തേ അനുശോചനസന്ദേശത്തിൽ മുഖ്യമന്ത്രി പറഞ്ഞിരുന്നു.

കേരളത്തേയും മലയാളത്തേയും ലോകത്തിന്റെ നെറുകയിലെത്തിച്ച മഹാപ്രതിഭയുടെ വിടവാങ്ങലാണ് സംഭവിച്ചിരിക്കുന്നത്. ഇത് കേരളത്തിൽ സംഭവിച്ച ഏറ്റവും വലിയ നഷ്ടമാണ്. നമ്മുടെ സംസ്കാരത്തെ വലിയ തോതിൽ ഉയർത്തിക്കാട്ടാൻ എം.ടി. ചെയ്ത സേവനം മറക്കാവുന്നതല്ല. വിവിധ മേഖലകളിലാണ് അദ്ദേഹത്തിന്റെ സർഗവാസന കഴിവുതെളിയിച്ചിരുന്നത്. അദ്ദേഹം വിടപറഞ്ഞ ഘട്ടത്തിൽ അഗാധമായ ദുഃഖവും അനുശോചനവും രേഖപ്പെടുത്തുന്നു.' -മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചനസന്ദേശത്തിൽ പറഞ്ഞു.

ബുധനാഴ്ച രാത്രി 10 മണിക്കാണ് എം.ടി. വാസുദേവൻ നായർ വിട പറഞ്ഞത്. കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കെയായിരുന്നു അന്ത്യം. മരണസമയത്ത് മകൾ അശ്വതിയും ഭർത്താവ് ശ്രീകാന്തും കൊച്ചുമകൻ മാധവും സമീപത്തുണ്ടായിരുന്നു. എം.ടിയുടെ വേർപാടിൽ അനുശോചിച്ച് സംസ്ഥാനത്ത് രണ്ടു ദിവസത്തെ ദുഃഖാചരണം പ്രഖ്യാപിച്ചു. ഇന്ന് ചേരാനിരുന്ന മന്ത്രിസഭായോഗം ഉൾപ്പെടെ എല്ലാ സർക്കാർ പരിപാടികളും മാറ്റിവെച്ചു.

കൂടല്ലൂരും നിളാതീരവും സിനിമകളിലെ മായാമുദ്രയായി; ജീവിതപരിസരങ്ങളെ കഥാപാത്രങ്ങളാക്കിയ എം.ടി

കോഴിക്കോട്: ഓർമവച്ച നാളുമുതൽ കണ്ട മനുഷ്യരും അവരുടെ ജീവിതപരിസരവുമാണ് എം.ടി. വാസുദേവൻ നായരുടെ കഥാപാത്രങ്ങളുടെ ആത്മാവ്. ജ്ഞാനപീഠ പുരസ്കാരം സ്വീകരിച്ചുകൊണ്ട് അദ്ദേഹം തന്നെ പറഞ്ഞു, എന്റെ മണ്ണിനും എന്റെ കാലാവസ്ഥയ്ക്കും ഇണങ്ങിയ വിത്തുകൾ മാത്രം തിരഞ്ഞെടുക്കാൻ എന്നിലെ കൃഷിക്കാരന്റെ കാലാകാലങ്ങളായുള്ള നാട്ടറിവ് എന്നെ പ്രേരിപ്പിക്കുന്നു. ഈ നാട്ടറിവ് തന്നെയാണ് എം.ടിയുടെ സിനിമകളിലും നിറയുന്നത്.

ജ്ഞാനപീഠത്തിൽ എം.ടിയ്ക്കുമുന്നേ ഇരുന്ന എസ്. കെ. പൊറ്റെക്കാട്ടിന്റെ കടത്തുതോണി എന്ന ചെറുകഥയാണ് എം.ടി തിരക്കഥയെഴുതി സിനിമയാക്കിയയത്.1991 ൽ. മികച്ച സിനിമക്കും തിരക്കഥക്കുമുള്ള ദേശീയസംസ്ഥാന ചലച്ചിത്രപുരസ്കാരം ഉൾപ്പടെ ബഹുമതികൾ ഈ കടവിനു കൂടി അർഹതപ്പെട്ടതാകുന്നു.

നീലത്താമര എന്ന ചിത്രത്തിന് കഥാപരിസരമായത് മലമക്കാവ് ശാസ്താക്ഷേത്രവും അതിന് മുന്നിൽ നീലത്താമര വിരിയുന്ന കുളവുമാണ്. എം.ടി പഠിച്ച മലമക്കാവ് സ്കൂളിനോട് ചേർന്നാണ് ക്ഷേത്രവും കുളവും. എം.ടി സംവിധാനം ചെയ്ത മലയാള സിനിയിലെ ക്ലാസിക് എന്ന് വിശേഷിപ്പിക്കാവുന്ന നിർമാല്യവും ഈ ഭൂമികയിൽ തന്നെയാണ് ജനിച്ചത്.

കൂടല്ലൂരിന് അകലെയല്ലാത്ത മൂക്കുതല എന്ന ഗ്രാമത്തിൽ വെളിച്ചപ്പാടായി പകർന്നാടാൻ പി.ജെ. ആന്റണിക്ക് കണ്ണാടിയായത് മൂക്കുതലയ്ക്കടുത്തുള്ള കുളങ്കര ഭഗവതി ക്ഷേത്രത്തിലെ പേരുകേട്ട വെളിച്ചപ്പാടായ ശുകപുരം കാട്ടിനാട്ടിൽ ഗോപാലൻ നായരായിരുന്നു. അരമണിചുറ്റി പള്ളിവാളേന്തി ഉറഞ്ഞുതുള്ളുന്ന ഗോപാലൻ നായരുടെ ഓരോ ചുവടുകളും അദ്ദേഹം ഹൃദിസ്ഥമാക്കി. ഗോപാലൻ നായരുടെ അരമണിയും ചിലമ്പുമാണ് സിനിമയിൽ ആന്റണി അണിഞ്ഞിരുന്നത്. നിർമ്മാല്യം പോലൊരുസിനിമ ഇന്നെടുക്കാൻ കഴിയുമോ? സംശയമാണ്. എം.ടി സംവിധാനം ചെയ്ത ബന്ധനം, തിരക്കയൊരുക്കിയ പെരുന്തച്ചൻ, സുകൃതം അങ്ങനെ കൂടല്ലൂരും നിളാതീരവും പല സിനിമകളിലും മായാമുദ്രകളായി മാറി.

ഓൺലൈനിൽ ട്രെയിൻ ടിക്കറ്റെടുക്കാൻ ശ്രമിക്കേണ്ട

മുംബയ്: ഇന്ത്യൻ റെയിൽവേയുടെ ഓൺലൈൻ ടിക്കറ്റ് പ്ലാറ്റ്ഫോമായ ഐആർസിടിസി വെബ്സൈറ്റ് പണിമുടക്കി. ഇതോടെ വെബ്സൈറ്റ് വഴിയോ മൊബൈൽ ആപ്പ് വഴിയോ ടിക്കറ്റെടുക്കാൻ സാധിക്കാത്ത അവസ്ഥയിലായി യാത്രക്കാർ. തൽക്കാൽ ബുക്കിംഗുകാരെയാണ് ഇത് ഏറെ ബുദ്ധിമുട്ടിലാക്കുന്നത്. ടിക്കറ്റ് ബുക്കുചെയ്യാനായി സൈറ്റോ ആപ്പോ തുറന്നാൽ 'മെയിന്റനൻസ് കാരണം ഇ ടിക്ക?റ്റിംഗ് സേവനം ലഭ്യമാകില്ല. ദയവായി പിന്നീട് ശ്രമിക്കുക' എന്ന അറിയിപ്പാണ് ലഭിക്കുക.

കാറുകളും ബൈക്കുകളും കൂട്ടിയിടിച്ച് 23കാരന് ദാരുണാന്ത്യം

ആലപ്പുഴ: ചെങ്ങന്നൂരിൽ രണ്ട് കാറുകളും രണ്ട് ബൈക്കുകളും കൂട്ടിയിടിച്ച് 23കാരൻ മരിച്ചു. ബൈക്ക് യാത്രികനായ കണ്ണൂർ കൂത്തുപറമ്പ് മങ്ങാട്ടിടം കിണവക്കൽ തട്ടാൻകണ്ടി വീട്ടിൽ പ്രീതയുടെ മകൻ വിഷ്ണുവാണ് മരിച്ചത്. എംസി റോഡിൽ ചെങ്ങന്നൂർ ടൗണിൽ എസ്എൻഡിപി യൂണിയൻ കെട്ടിടത്തിന് മുന്നിൽ വച്ചായിരുന്നു സംഭവം. ഇടിയുടെ ആഘാതത്തിൽ വിഷ്ണു 15 അടിയോളം ഉയരത്തിൽ പൊങ്ങി ബോർഡിൽ തലയിടിച്ച് താഴേയ്ക്ക് വീഴുകയായിരുന്നു.

അപകടത്തിൽ ബൈക്ക് യാത്രികനായ അമ്പലപ്പുഴ കരൂർ പുതുവൽ വിവേകിനും ഗുരുതര പരിക്കേറ്റു. യുവാവിനെ ആലപ്പുഴ മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പൊലീസും ഫയർ ഫോഴ്സും എത്തിയാണ് രക്ഷാപ്രവർത്തനം നടത്തിയത്. സംഭവത്തിൽ പൊലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

സ്കൂട്ടറിൽ നിന്ന് വീണ കുട്ടി ലോറി ഇടിച്ച് മരിച്ചു

തൃശൂർ: വാടാനപ്പള്ളിയിൽ സ്കൂട്ടറിൽ നിന്ന് വീണ പെൺകുട്ടി ലോറി ഇടിച്ച് മരിച്ചു. തളിക്കുളം ത്രിവേണി സ്വദേശി കണ്ണൻകേരൻ വീട്ടിൽ മണികണ്ഠന്റെ രണ്ടര വയസുള്ള മകൾ ജാൻവിയാണ് മരിച്ചത്. ഇന്നലെ രാത്രി 10ഓടെയാണ് അപകടം.

കോഴിക്കോട് വിലാസിനിയെ കുട്ട്യേടത്തി വിലാസിനിയാക്കിയത് വാസുവേട്ടനാണ്

കോഴിക്കോട്: നാടകത്തിൽ വലിയ നടിയായിരുന്നു വെങ്കിലും സിനിമയിൽ വലിയൊരു പൂജ്യമായിരുന്ന തന്നെ ലോകമറിയുന്ന കുട്ട്യേടത്തി വിലാസിനിയാക്കിയത് എംടിയാണെന്ന് നടി കുട്ട്യേടത്തി വിലാസിനി. അന്തരിച്ച സാഹിത്യകാരൻ എംടിയെ അവസാനമായി ഒരു നോക്ക് കാണാൻ അദ്ദേഹത്തിന്റെ കോഴിക്കോട്ടെ വസതിയിൽ എത്തിയതായിരുന്നു അവർ.

'വാസുവേട്ടനോട് അടുത്തു കഴിഞ്ഞാൽ പിന്നെ അകലാൻ തോന്നില്ല. അത്രയ്ക്കും നല്ലൊരു മനുഷ്യനായിരുന്നു അദ്ദേഹം. വാസുവേട്ടൻ മരിക്കരുതെന്നും അദ്ദേഹം ഒരു നൂറ് വയസുവരെയെങ്കിലും ജീവിക്കണമെന്നും ഞാൻ നേർച്ചകൾ നേർന്നിരുന്നു. കാരണം എന്നെ എല്ലായിടത്തും അറിയപ്പെടുന്നത് കുട്ട്യേടത്തി ആയിട്ടാണല്ലോ. അതുകൊണ്ട് എനിക്ക് അദ്ദേഹത്തോട് ബഹുമാനവും സ്നേഹവും ആരാധനയുമാണ്.' മാധ്യമങ്ങൾക്ക് മുന്നിൽ വിതുമ്പിക്കൊണ്ട് വിലാസിനി പറയുന്നു

അദ്ദേഹത്തെ മറക്കാൻ കഴിയില്ല. കോഴിക്കോടുള്ള കലാകാരന്മാർക്കും കലാകാരികൾക്കും അദ്ദേഹം അവസരം നൽകിയിട്ടുണ്ട്. ബാലൻ കെ. നായർ, കുതിരവട്ടം പപ്പു അടക്കം ഒരുപാട് ആളുകളെ വാസുവേട്ടൻ സിനിമയിലേക്ക് കൊണ്ടുവന്നിട്ടുണ്ടെന്നും വിലാസിനി ഓർമിച്ചു.

എന്റെ പേര് കോഴിക്കോട് വിലാസിനി എന്നായിരുന്നു അന്ന് പത്രത്തിലും നോട്ടീസിലുമെല്ലാം നൽകിയിരുന്നത്. കുട്ട്യേടത്തിയിൽ അഭിനയിച്ചതിന് ശേഷമാണ് കുട്ട്യേടത്തി വിലാസിനി ആയത്. എംടിയുടെ തിരക്കഥയിൽ 1971 ൽ പിഎൻ മേനോൻ സംവിധാനം ചെയ്ത കുട്ട്യേടത്തി എന്ന ചിത്രത്തിലെ പ്രധാന കഥാപാത്രത്തെ അവതരിപ്പിച്ചത് വിലാസിനി ആയിരുന്നു.

ബലാത്സംഗം എതിർത്ത 8 വയസുകാരിയെ കല്ലുകൊണ്ട് തലയ്ക്ക് അടിച്ച് കൊലപ്പെടുത്തി

വാരണസി: ബലാത്സംഗം എതിർത്ത എട്ടുവയസുകാരിയെ കല്ലുകൊണ്ട് തലയ്ക്ക് അടിച്ചു കൊലപ്പെടുത്തി. പ്രതി ഇർഷാദിനെ പോലീസ് അറസ്റ്റ് ചെയ്തു.

കൊല്ലപ്പെട്ട കുട്ടിയുടെ അയൽവാസിയാണ് ഇർഷാദ്. കൊലപാതകത്തിനും ബലാത്സംഗത്തിനും ഇർഷാദിനെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്തു.

വാരണസിയിലെ സുജാബാദിലാണ് സംഭവം. ബഹദൂർപുർ പ്രൈമറി സ്കൂളിലാണ് പെൺകുട്ടിയുടെ മൃതദേഹം കണ്ടെത്തിയത്. ശരീരത്തിൽ മൊത്തം രക്തവും മുറിവുകളും ഉണ്ടായിരുന്നു.

സിസിടിവി ദൃശ്യങ്ങളുടെ സഹായത്തോടെയാണ് പ്രതിയെ പിടികൂടിയത്. ഇർഷാദ് പെൺകുട്ടിയെ വീട്ടിലേക്ക് കൊണ്ടുപോയി തിരികെ മൃതദേഹമുള്ള ചാക്കുമായി വരുന്ന ദൃശ്യങ്ങൾ പോലീസിന് ലഭിച്ചു.

ബലാത്സംഗത്തിന് ശ്രമിച്ചപ്പോൾ പെൺകുട്ടി എതിർക്കുകയും തുടർന്ന് ഇയാൾ പെൺകുട്ടിയെ കല്ലുകൊണ്ട് തലയ്ക്കടിച്ചു കൊന്നുവെന്നുമാണ് പോലീസ് പറയുന്നത്.

മനുഷ്യക്കടത്ത്: ഒരാൾക്ക് 60 ലക്ഷം, കാനഡയിലെ 262 കോളേജുകൾ നിരീക്ഷണത്തിൽ; വൻ റാക്കറ്റെന്ന് ഇഡി

കാനഡ: അതിർത്തിയിൽ നിന്ന് യുഎസിലേക്ക് ഇന്ത്യക്കാരെ കടത്തുന്നതുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ കേസിൽ ചില കനേഡിയൻ കോളേജുകളുടെയും ഇന്ത്യൻ സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തെക്കുറിച്ച് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് അന്വേഷിക്കുന്നു.

ഗുജറാത്തിൽനിന്നുള്ള നാലംഗ ഇന്ത്യൻ കുടുംബത്തിന്റെ മരണവുമായി ബന്ധപ്പെട്ടാണ് അന്വേഷണം. 2022 ജനുവരി 19ന് കാനഡ-യുഎസ് അതിർത്തിയിൽ അനധികൃതമായി കടക്കാൻ ശ്രമിക്കുന്നതിനിടെയാണ് നാലുപേരും കൊടുംതണുപ്പിനെ തുടർന്ന് മരിച്ചത്.

വിഷയത്തിൽ മുഖ്യപ്രതിയായി ഉയർന്നുവന്ന ഭവേഷ് അശോക്ഭായ് പട്ടേലിനും മറ്റു ചിലർക്കും എതിരെ അഹമ്മദാബാദ് പോലീസ് രജിസ്റ്റർ ചെയ്ത എഫ്ഐആറിലാണ് കള്ളപ്പണമിടപാട് സംബന്ധിച്ചും പരാതിയുള്ളത്.

വലിയൊരു റാക്കറ്റാണ് ഇതിന് പിന്നിൽ പ്രവർത്തിക്കുന്നതെന്നാണ് കണ്ടെത്തൽ. യുഎസിലേക്ക് പോകാൻ ആഗ്രഹിക്കുന്ന ആളുകളെ കണ്ടെത്തി കാനഡ ആസ്ഥാനമായുള്ള കോളേജുകളിലും സർവ്വകലാശാലകളിലും അഡ്മിഷൻ ഏർപ്പാട് ചെയ്യുന്നതാണ് ആദ്യഘട്ടം. തുടർന്ന് സ്റ്റുഡന്റ് വിസയിൽ കാനഡയിൽ ഇവരെ എത്തിക്കും. തുടർന്ന് കോളേജുകളിൽ ചേരുന്നതിന് പകരം നിയമവിരുദ്ധമായി യുഎസിലേക്ക് കടക്കുകയാണ് ചെയ്യുന്നതെന്ന് അന്വേഷണ ഏജൻസി പറയുന്നു.

ഇത്തരത്തിൽ ഒരാളിൽ നിന്ന് 55 ലക്ഷം മുതൽ 60 ലക്ഷം രൂപവരെയാണ് ഈടാക്കിയിരുന്നത്. ഡിസംബർ 10, 19 തീയതികളിലായി മുംബൈ, നാഗ്പൂർ, ഗാന്ധിനഗർ, വഡോദര എന്നിവിടങ്ങളിലെ എട്ട് സ്ഥലങ്ങളിൽ ഈ കേസുമായി ബന്ധപ്പെട്ട് റെയ്ഡ് നടത്തിയതായി ഇ.ഡി.അറിയിച്ചു.

മുംബൈയിലും നാഗ്പൂരിലും നടത്തിയ റെയ്ഡിൽ, കമ്മിഷൻ അടിസ്ഥാനത്തിൽ വിദേശ രാജ്യങ്ങളിലെ സർവ്വകലാശാലകളിൽ ഇന്ത്യക്കാരെ പ്രവേശിപ്പിക്കുന്നതിന് 'കരാർ' ഉണ്ടാക്കിയതായി ഇ.ഡി.കണ്ടെത്തി.

ഓരോ വർഷവും ഏകദേശം 35000 ത്തോളം വിദ്യാർത്ഥികളെ ഇന്ത്യയ്ക്ക് പുറത്തുള്ള വിവിധ കോളേജുകളിലേക്ക് റഫർ ചെയ്തതായാണ് കണ്ടെത്തൽ.

ഈ റാക്കറ്റിൽ ഗുജറാത്ത് കേന്ദ്രീകരിച്ച് മാത്രം ഏകദേശം 1,700 ഓളം ഏജന്റുമാരുണ്ട്. ഇന്ത്യയിലുടനീളം 3,500 ഏജന്റുമാരും അതിൽ 800 ഓളം പേർ സജീവമാണെന്നും കണ്ടെത്തിയതായി ഇ.ഡി.പറയുന്നു.

കാനഡ ആസ്ഥാനമായുള്ള 112 കോളേജുകൾ ഒരു സ്ഥാപനവുമായും 150ലധികം കോളേജുകൾ മറ്റൊരു സ്ഥാപനവുമായും കരാറിൽ ഏർപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമായതായും ഇ.ഡി. വൃത്തങ്ങൾ കൂട്ടിച്ചേർത്തു. ഇതിൽ പങ്കാളിയായ 262 കോളേജുകളും യുഎസ്-കാനഡ അതിർത്തിക്ക് സമീപം പ്രവർത്തിക്കുന്നവയാണെന്നും ഇ.ഡി.സംശയിക്കുന്നുണ്ട്. ഇത് സംബന്ധിച്ച് കൂടുതൽ അന്വേഷണം നടത്തിവരികയാണെന്നും ഏജൻസി വ്യക്തമാക്കുന്നു.

കോടതി പരസ്യം

ബഹു. തൃശൂർ ജില്ലാ കോടതി മുമ്പാകെ

TOP: 284/2023

അബ്ദുൾ മജീദ്

– ഹരജിക്കാരൻ

പുത്തൻചിറ വില്ലേജ് തെക്കുമുറി ദേശത്ത് കാട്ടുക്കാരൻ ഹൈദ്രോസ് മകൻ നിഷാർ

–6–ാം എതൃകക്ഷി

മേൽ നമ്പറിൽ എതൃകക്ഷിക്കുള്ള നോട്ടീസ് വാസസ്ഥലത്തും കോടതിയിലും പതിച്ചുനടത്താൻ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

നിളയുടെ കഥാകാരന് വിട....

തൃശൂർ ജില്ലയിലെ തീരദേശമായ വലപ്പാട് എന്ന കൊച്ചു ഗ്രാമത്തിന്റെ ഹൃദയ തുടിപ്പായിരുന്ന കൈലാസ് തിയേറ്റർ ഇന്നില്ല. തിയേറ്റർ പൊളിച്ചു പോയെങ്കിലും നാട്ടുകാരുടെ ഗൃഹാതുരത്വം കലർന്ന ഓർമ്മകളിലും, നമ്മളെ എന്നന്നേക്കുമായി വിട്ടു പിരിഞ്ഞ മലയാളത്തിന്റെ അക്ഷര കുലപതി എം ടി വാസുദേവൻ നായരുടെ മനസ്സിലും ഈ ഓല മേഞ്ഞ കൊട്ടകക്ക് ഒരു വലിയ സ്ഥാനമുണ്ട്.

എം ടി യുടെ വാക്കുകളിലൂടെ...

[സതീഷ് കുമാർ വിശാഖപട്ടണം
പാട്ടോർമ്മകൾ @ 365]

'ജീ'വിതത്തിൽ ആദ്യമായി സിനിമ കാണുന്നത് ജേഷ്ഠൻ ഗോവിന്ദനോടൊപ്പമാണ് ...

വലപ്പാട് ഗവൺമെൻറ് വിദ്യാലയത്തിലായിരുന്നു ഏട്ടൻ അദ്ധ്യാപകനായി ജോലി ചെയ്തിരുന്നത് . അവധിക്കാലത്ത് ഏട്ടൻ ജോലി ചെയ്യുന്ന വലപ്പാട്ട് ഞാനും കൊച്ചുണ്ണിയേട്ടനും പോയപ്പോളായിരുന്നു ആദ്യ സിനിമ കാഴ്ച. കൂടെ ജോലി ചെയ്യുന്ന മാഷന്മാരുടെ കൂടെ തൃപ്രയാറിൽ ഒരു ലോഡ്ജിലാണ് ഏട്ടന്റെ താമസം .

ഗോവിന്ദൻ നായരുടെ അനിയന്മാരൊക്കെ വന്നതല്ലേ ഒരു സിനിമയ്ക്ക് പോകാം എന്ന് മാഷന്മാർ പറഞ്ഞേതിനെ തുടർന്നാണ് ഞങ്ങൾ സിനിമ കാണാൻ തീരുമാനിക്കുന്നത് .

ഓല മേഞ്ഞ സിനിമകോട്ടക . മുൻഭാഗത്ത് മണൽ വിരിച്ചിട്ടുണ്ട്. ഏറ്റവും കുറഞ്ഞ ടിക്കറ്റിലുള്ളവർ അവിടെ തറയിൽ ഇരുന്നാണ് കാണുക. തൊട്ടു പിന്നിലായി ബെഞ്ചുകളും ഉണ്ട് .

ഞങ്ങൾ ബെഞ്ചുകളിൽ ഇരുന്നാണ് സിനിമ കണ്ടത് . ആദ്യമായി സിനിമ കാണുകയായിരുന്നിട്ടും എനിക്ക് അതിന്റെ ആവേശമോ വിസ്മയമോ താൽപര്യമോ ഒട്ടും തോന്നിയില്ല...' ഇങ്ങനെ നിസ്സംഗതയോടെ ആദ്യ സിനിമ കണ്ട എം ടി വാസുദേവൻ നായർ പിൽക്കാലത്ത് മലയാള സാഹിത്യത്തിലും സിനിമയിലും കഥകളുടെ പെരുന്തച്ചനായി മാറിയത് കാലത്തിന്റെ കാവ്യനീതിയാകാം. തകഴി, കേശവദേവ്, ബഷീർ, പൊൻ കുന്നം വർക്കി, ലളിതാംബിക അന്തർജ്ജനം, കാരൂർ തുടങ്ങിയ ആദ്യകാല എഴുത്തുകാരുടെ പിൻഗാമിയായി എത്തിയ എം ടി മലയാള സാഹിത്യത്തിൽ ശക്തമായ സ്വാധീനം നേടിയെടുത്തത് തന്റെ ഉജ്ജ്വലമായ കഥകളിലൂടെയായിരുന്നു.

വാക്കുകളുടെ മൂർച്ചയായിരുന്നു എം.ടി യുടെ എഴുത്തിന്റെ സവിശേഷത. ഇംഗ്ലീഷിലെങ്ങാനും എഴുതിയിരുന്നെങ്കിൽ തീർച്ചയായും അദ്ദേഹത്തിന് സാഹിത്യത്തിനുള്ള നോബൽ സമ്മാനം ലഭിക്കുമായിരുന്നു എന്നാണ് നിരൂപകർ വിലയിരുത്തുന്നത്.

മഹാഭാരതത്തിലെ ഭീമനെ മറ്റൊരു എഴുത്തുകാരനും വിഭാവനം ചെയ്യാൻ പോലുമാകാത്ത തരത്തിൽ 'രണ്ടാമൂഴ'ത്തിലൂടെ വരച്ചുകാട്ടിയപ്പോൾ ഇന്ത്യൻ സാഹിത്യ ലോകത്ത് അതൊരു മഹാസംഭവമായി മാറി. എം.ടി. യുടെ കഥകൾ അഭ്രപാളികളിലെത്തിയപ്പോഴെല്ലാം ആ സിനിമകളെ കേരളം രണ്ടു കൈകളും നീട്ടി സ്വീകരിച്ചു.

നഗരമേ നന്ദി, അസുരവിത്ത്, മുറപ്പെണ്ണ്, വിത്തുകൾ, കുട്ടേത്തി, പാതിരാവും പകൽ വെളിച്ചവും, മഞ്ഞ്, ഇരുട്ടിന്റെ ആത്മാവ്, വളർത്തുമൃഗങ്ങൾ, നിർമ്മാല്യം, ആൾക്കൂട്ടത്തിൽ തനിയെ, അക്ഷരങ്ങൾ, പരിണയം, ഒരു വടക്കൻ വീരഗാഥ തുടങ്ങി എത്രയോ ചിത്രങ്ങളാണ് ഇന്നും നമ്മുടെ മനസ്സിൽ മായാതെ കിടക്കുന്നത്.

എഴുത്തുകാരനിൽ നിന്നും ഒരു ചലച്ചിത്രകാരനായി 'നിർമ്മാല്യ'ത്തിലൂടെ എം.ടി. പ്രത്യക്ഷപ്പെട്ടപ്പോൾ ഇന്ത്യൻ ചലച്ചിത്ര ലോകം ആ പ്രതിഭയുടെ കരുത്തിൽ അക്ഷരാർത്ഥത്തിൽ തന്നെ ഞെട്ടിത്തരിച്ചു പോയി എന്നുള്ളതാണ് വാസ്തവം.

അതെ, എം.ടി.ക്ക് പകരം വെക്കാൻ നമുക്കൊരു എം.ടി. മാത്രമേ ഉള്ളൂ!

സാഹിത്യത്തിലും ചലച്ചിത്രമണ്ഡലത്തിലും വിജയത്തിന്റെ വെന്നിക്കൊടി പാറിച്ച ഈ ജ്ഞാനപീഠ ജേതാവ് എന്നും മലയാള സിനിമയിലെ ഏറ്റവും വിലയേറിയ തിരക്കഥാകൃത്തായിരുന്നു. എം ടി യുടെ ഒരു കഥ സംവിധാനം ചെയ്യുക എന്നുള്ളത് ഏതൊരു സംവിധായകന്റേയും സ്വപ്നമായിരുന്നു.

പി ഭാസ്കരനും ഐ വി ശശിയ്ക്കും ഹരിഹരനുമാണ് ആ ഭാഗ്യം കൂടുതൽ ലഭിച്ചത്. എം ടി വാസുദേവൻ നായർ ഒരു ഗാനരചയിതാവ് കൂടിയാണെന്ന് പലർക്കും അറിയില്ല. 1954-ൽ ന്യൂയോർക്കിലെ ഹെരാൾഡ് ട്രിബ്യൂൺ നടത്തിയ ലോക ചെറുകഥാ മത്സരത്തിന്റെ ഭാഗമായി നടത്തിയ കഥാമത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ 'വളർത്തുമൃഗങ്ങ'ളുടെ ചലച്ചിത്രാവിഷ്കാരത്തിന് വേണ്ടിയാണ് അദ്ദേഹം 4 ഗാനങ്ങൾ എഴുതിയത്.

'കാക്കാലൻ കളിയച്ഛൻ
കണ്ണു തുറന്നുറങ്ങുന്നു
കരി മറയ്ക്കകം ഇരുന്നു
വിരൽ പത്തും വിറക്കുന്നു.. '

എം.ബി.ശ്രീനിവാസൻ ഈണമിട്ട് യേശുദാസ് പാടിയ പ്രശസ്ത ഗാനം വായനക്കാർ ഓർക്കുന്നുണ്ടായിരിക്കുല്ലോ.

'ഒരു മുറി കണ്ണാടിയിൽ നോക്കി.....' (എസ് ജാനകി.) 'ശുഭരാത്രി ശുഭരാത്രി..' (യേശുദാസ്) 'കർമ്മത്തിൻ പാതകൾ വീഥികൾ ....' (യേശുദാസ്) എന്നിവയെല്ലാമായിരുന്നു ചിത്രത്തിൽ എം ടി എഴുതിയ മറ്റു 3ഗാനങ്ങൾ.

മലയാളികൾ എന്നുമെന്നും മനസ്സിൽ ഓമനിക്കുന്ന ഒട്ടേറെ ഗാനങ്ങൾ കൊണ്ട് സമ്പന്നമാണ് എം ടി യുടെ ചിത്രങ്ങൾ .

'കരയുന്നോ പുഴ ചിരിക്കുന്നോ ..'(ചിത്രം മുറപ്പെണ്ണ് , രചന-പി ഭാസ്കരൻ,സംഗീതം ചിദംബരനാഥ്, ആലാപനം യേശുദാസ്)

'മഞ്ഞണിപ്പൂ നിലാവ് പേരാറ്റിൻ കടവത്ത് ...'(ചിത്രം നഗരമേ നന്ദി, രചന പി ഭാസ്കരൻ, സംഗീതം കെ രാഘവൻ,ആലാപനം -എസ് ജാനകി.)

'ഗോപുരമുകളിൽ വാസന്ത ചന്ദ്രൻ ....' (ചിത്രം വിത്തുകൾ, രചന പി ഭാസ്കരൻ, സംഗീതം പുകഴേന്തി, ആലാപനം -എസ് ജാനകി)

'കണ്ണീരാറ്റിലെ തോണി ...'

(ചിത്രം പാതിരാവും പകൽവെളിച്ചവും, രചന യൂസഫലി കേച്ചേരി, സംഗീതം കെ രാഘവൻ, ആലാപനം ബ്രഹ്മാനന്ദൻ)

'കറുത്ത തോണിക്കാരാ കടത്തു തോണിക്കാരാ ...' (ചിത്രം അക്ഷരങ്ങൾ, രചന ഒ എൻ വി, സംഗീതം ശ്യാം, ആലാപനം ജയചന്ദ്രൻ,എസ് ജാനകി)

'ചന്ദനലേപസുഗന്ധം തൂകിയതാരോ കാറ്റോ കാമിനിയോ ....'. (ചിത്രം ഒരു വടക്കൻ വീരഗാഥ, രചന കെ ജയകുമാർ, സംഗീതം ബോംബെ രവി, ആലാപനം യേശുദാസ്)

'ഈറനടുത്തും കൊണ്ടമ്പരം ചുറ്റുന്ന ....' (ചിത്രം ഇരുട്ടിന്റെ ആത്മാവ്, രചന പി ഭാസ്കരൻ, സംഗീതം ബാബുരാജ് , ആലാപനം എസ് ജാനകി)

'മണിമാരൻ തന്നത് പണമല്ല പൊന്നല്ല ...' (ചിത്രം ഓളവും തീരവും, രചന പി ഭാസ്കരൻ, സംഗീതം ബാബുരാജ്, ആലാപനം യേശുദാസ്, മച്ചാട് വാസന്തി)

'രാഗം ശ്രീരാഗം...'(ചിത്രം ബന്ധനം, രചന ഒ എൻ വി , സംഗീതം എം ബി ശ്രീനിവാസൻ ആലാപനം-ജയചന്ദ്രൻ)

'പൊട്ടിക്കാൻ ചെന്നപ്പോൾ പൂങ്കൊടി ചോദിച്ചു ...' (ചിത്രം ഓപ്പോൾ , രചന പി ഭാസ്കരൻ, സംഗീതം എം ബി ശ്രീനിവാസൻ, ആലാപനം യേശുദാസ്)

'പകൽക്കിനാവിൻ സുന്ദരമാകും പാലാഴിക്കരയിൽ ...'(ചിത്രം പകൽക്കിനാവ്, രചന പി ഭാസ്കരൻ, സംഗീതം ചിദംബരനാഥ്, ആലാപനം യേശുദാസ്.)

'സാഗരങ്ങളെ പാടിയുണർത്തിയ സാമഗീതമേ ...'

(ചിത്രം പഞ്ചാഗ്നി , രചന ഒ എൻവി , സംഗീതം ബോംബെ രവി , ആലാപനം യേശുദാസ്)

'ആരെയും ഭാവഗായകനാക്കും ആത്മസൗന്ദര്യമാണ് നീ ...' (ചിത്രം നക്ഷത്രങ്ങൾ, രചന ഒ എൻവി , സംഗീതം ബോംബ രവി , ആലാപനം-യേശുദാസ്.)

'ചെമ്പകപ്പൂ മൊട്ടിന്നുള്ളിൽ വസന്തം വന്നു ....'

(ചിത്രം എന്ന് സ്വന്തം ജാനകിക്കുട്ടിക്ക്, രചനയും സംഗീതവും കൈതപ്രം ദാമോദരൻ നമ്പൂതിരി, ആലാപനം കെ എസ് ചിത്ര')

മൈനാകം കടലിൽ നിന്നുയരുന്നുവോ ....'(ചിത്രം തൃഷ്ണ , രചന ബിച്ചു തിരുമല, സംഗീതം ശ്യാം, ആലാപനം എസ് ജാനകി)

'ഇന്ദ്രനീലിമയോലും ....'(ചിത്രം വൈശാലി, രചന ഒ എൻ വി, സംഗീതം ബോംബെ രവി, ആലാപനം കെ എസ് ചിത്ര)

'കുന്നത്തെ കൊന്നയ്ക്കും പൊൻ മോതിരം ... '(ചിത്രം കേരളവർമ്മ പഴശ്ശിരാജ , രചന ഒഎൻവി, സംഗീതം ഇളയരാജ, ആലാപനം കെ എസ് ചിത്ര)

തുടങ്ങിയ സുന്ദര ഗാനങ്ങളെല്ലാം എം ടി യുടെ കനകതൂലികയിൽ നിന്നുമുതിർന്നു വീണ കഥാപാത്രങ്ങളിലൂടെയാണ് നമുക്ക് അനുഭവവേദ്യമായത് .

പിറന്നാളാഘോഷങ്ങളിലൊന്നും വലിയ താൽപര്യമില്ലാത്ത നിളയുടെ പ്രിയ കഥാകാരൻ കർക്കിടകത്തിലെ ഉത്രട്ടാതി നാളിലാണ് ജനിച്ചതും അപൂർവ്വം ചിലപ്പോൾ പിറന്നാളാഘോഷങ്ങൾ നടത്തിയിട്ടുള്ളതും. കഴിഞ്ഞ ഒരാഴ്ച മുമ്പാണ് എം ടിയുടെ ആരോഗ്യനിലയെക്കുറിച്ച് മാദ്ധ്യമങ്ങൾ കേരളത്തെ അറിയിക്കുന്നത്. മരണത്തെ ഇതിനുമുമ്പ് പലപ്പോഴും അഭിമുഖീകരിച്ചിട്ടുള്ള എം ടി വീണ്ടും ജീവിതത്തിലേക്ക് തിരിച്ചുവരും എന്നായിരുന്നു അക്ഷരകേരളം ആശിച്ചത്.

എന്നാൽ എല്ലാ പ്രതീക്ഷകളേയും കാറ്റിൽ പറത്തി മലയാളനാടിന്റെ അക്ഷരസൂര്യൻ അക്ഷരാർത്ഥത്തിൽ എരിഞ്ഞടങ്ങി.നിളയുടെ കഥാകാരൻ എന്നന്നേയ്ക്കുമായി വിട വാങ്ങുമ്പോൾ നമുക്ക് അദ്ദേഹത്തിന്റെ ആത്മശാന്തിക്ക് വേണ്ടി പ്രാർത്ഥിക്കുവാൻ മാത്രമേ കഴിയൂ....!

പ്രണാമം.

തൃശൂർ ജില്ലാ നിയമ സേവന അതോറിറ്റി 'നിയമഗോത്രം' പദ്ധതി നടപ്പിലാക്കി

തൃശ്ശൂർ: ജില്ലാ നിയമ സേവന അതോറിറ്റി (ഡി എൽ എസ് എ) യുടെയും തൃശ്ശൂർ ഗവൺമെന്റ് ലോ കോളേജിന്റെയും ട്രൈബൽ ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റിന്റെയും സഹകരണത്തോടെ നിയമ ഗോത്രം പദ്ധതി നടപ്പിലാക്കി. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളെ ശാക്തീകരിക്കുന്നതിനും നിയമ മേഖലകളിലേക്ക് ഉയർത്തിക്കൊണ്ടുവരുന്നതിനുമായി നാഷണൽ ലീഗൽ സർവീസസ് അതോറിറ്റി രൂപകൽപ്പന ചെയ്ത നൂതനമായ സംരംഭമാണ് നിയമ ഗോത്രം പദ്ധതി.

കോമൺ ലോ അഡ്മിഷൻ ടെസ്റ്റ് (CLAT) കേരള ലോ എൻട്രൻസ് എക്സാമിനേഷൻ (KLEE) എന്നിവ എഴുതുന്നതിനായി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളെ ഗുണനിലവാരമുള്ള നിയമ വിദ്യാഭ്യാസത്തിന് സജ്ജരാക്കുക, അഭിഭാഷകവൃത്തിയിലും മറ്റു നിയമമേഖലകളിലും ഉള്ള പ്രാതിനിധ്യം വർദ്ധിപ്പിക്കുക എന്നിവയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

ഓൺലൈൻ സംവിധാനത്തിൽ ഗവൺമെന്റ് ലോ കോളേജിലെ അസിസ്റ്റന്റ് പ്രൊഫസർ മാരാണ് പരിശീലനം നൽകുന്നത്. ചാലക്കുടി മോഡൽ റസിഡൻഷ്യൽ സ്കൂളിൽ നടന്ന 'നിയമ ഗോത്രം' പദ്ധതി ഉദ്ഘാടന ചടങ്ങ് ജില്ല നിയമ സേവന അതോറിറ്റി സെക്രട്ടറിയും സബ് ജഡ്ജിയുമായ സരിത രവീന്ദ്രൻ ഉദ്ഘാടനം ചെയ്ത് പദ്ധതിയുടെ വിശകലനം നടത്തി. നൂറോളം പട്ടിക വർഗ്ഗ വിദ്യാർത്ഥികൾ ചടങ്ങിൽ സന്നിഹിതരായിരുന്നു. സ്കൂൾ പ്രിൻസിപ്പാൾ രാഗിണി ആർ അധ്യക്ഷത വഹിച്ചു, അഡ്വക്കേറ്റ് വിനീത തമ്പി ആശംസകൾ അർപ്പിച്ചു സംസാരിച്ചു, പാര ലീഗൽ വാളണ്ടിയർമാരായ പുഷ്പം, റെമില എന്നിവരും പങ്കെടുത്തു. എൻ എസ് എസ് കോഡിനേറ്റർ ആയ ഗ്രീഷ്മ സോമൻ ചടങ്ങിന് നന്ദി പറഞ്ഞു.

എസ് വൈ എസ് കേരള യുവജന സമ്മേളനം: നഗരിയിൽ ഇന്ന് ആത്മീയ സമ്മേളനം

തൃശ്ശൂർ: ആമ്പല്ലൂരിലെ എസ്വൈഎസ് കേരള യുവജന സമ്മേളന നഗരിയിൽ ഇന്ന് വൈകുന്നേരം ആത്മീയ സമ്മേളനം നടക്കും. ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി നൂറുകണക്കിന് കുടുംബങ്ങൾ പങ്കെടുക്കും. ജില്ലയിലെ പ്രസ്ഥാനിക കുടുംബ സംഗമമായി സമ്മേളനം മാറും.

ദിക്ർ മജ്ലിസ്, ബുർദ മജ്ലിസ്, പ്രാർഥന, പ്രഭാഷണങ്ങൾ നടക്കും. പ്രമുഖ സാദാത്തുക്കളും പണ്ഡിതൻമാരും നേതൃത്വം നൽകും.

വൈകുന്നേരം 6.30ന് ആരംഭിക്കുന്ന പരിപാടിയിൽ സമസ്ത ജില്ലാ പ്രസിഡന്റ് മുഹ്യിദ്ദീൻകുട്ടി മുസ്ലിയാർ താഴപ്ര അധ്യക്ഷത വഹിക്കും. മുസ്ലിം ജമാഅത്ത് ജില്ലാ പ്രസിഡന്റ് സയ്യിദ് ഫസൽ തങ്ങൾ ഉദ്ഘാടനം ചെയ്യും. സയ്യിദ് ത്വാഹാ തങ്ങൾ സഖാഫി, ഡോ. എ പി അബ്ദുൽ ഹകീം അസ്ഹരി, ഡോ. മുഹമ്മദ് ഫാറൂഖ് നഈമി അൽ ബുഖാരി, ദേവർഷോല അബ്ദുസ്സലാം മുസ്ലിയാർ, റഹ്മത്തുല്ല സഖാഫി എളമരം പ്രഭാഷണം നടത്തും. പി എസ് കെ മൊയ്തു ബാഖവി, ഐ എം കെ ഫൈസി,അഡ്വ. പിയു അലി,അബ്ദു ഹാജി കാതിയാളം, ഗഫൂർ മൂന്നുപീടിക, മുഹമ്മദലി സഅദി, എസ്എംകെ തങ്ങൾ, അബ്ദുൽ അസീസ് നിസാമി, അഡ്വ. ബക്കർ, അമീർ തളിക്കുളം, ശാഫി ഖാദിരി, അനസ് കെ എം എന്നിവർ സംബന്ധിക്കും. വിപുലമായ സൗകര്യങ്ങൾ ഒരുക്കിയതായി സംഘാടകർ അറിയിച്ചു.

ഉത്തരവാദിത്തം മനുഷ്യപ്പറ്റിന്റെ രാഷ്ട്രീയം എന്ന പ്രമേയത്തിൽ ഈ മാസം 26, 27, 28, 29 തിയ്യതികളിലാണ് ആമ്പല്ലൂരിൽ എസ് വൈ എസ് കേരള യുവജന സമ്മേളനം നടക്കുന്നത്. പ്ലാറ്റിനം ഇയറിന്റെ സമാപനമായാണ് സമ്മേളനം.

വർണ്ണക്കുട 2024 സ്റ്റേജ് ഷോകൾ ഇന്ന് മുതൽ 29 വരെ

ഇരിങ്ങാലക്കുടയുടെ നാട്ടുത്സവമായ വർണ്ണക്കുട 2024 നോടനുബന്ധിച്ച് നടത്തുന്ന സ്റ്റേജ് ഷോകൾ ഇന്ന് മുതൽ 29 വരെ മുനിസിപ്പൽ മൈതാനിയിൽ നടക്കുന്നു

ഇന്ന് രാവിലെ 11 ന് ഫോട്ടോ പ്രദർശനം ഉദ്ഘാടനം. വൈകീട്ട് പൊതുസമ്മേളനത്തിന് മുന്നോടിയായി 4.30ന് സജു ചന്ദ്രന്റെ നേതൃത്വത്തിൽ താളവാദ്യോത്സവം അരങ്ങേറും തുടർന്ന് 6 മണിക്ക് വർണ്ണക്കുട തീം സോംഗിന്റെ നൃത്താവിഷ്കാരത്തോടെ വർണ്ണക്കുടയുടെ ഉത്ഘാടനം നിർവഹിക്കും. തദ്ദേശസ്വയംഭരണ മന്ത്രി എം ബി രാജേഷ് ആണ് ഉദ്ഘാടകൻ. വയലാർ അവാർഡ് ജേതാവ് അശോകൻ ചരുവിലിന് ജന്മനാടിന്റെ സ്നേഹാദരം ഉത്ഘാടന ചടങ്ങിൽ അർപ്പിക്കും. ഇരിങ്ങാലക്കുടയുടെ സർവ്വകാല അഭിമാനഭാജനങ്ങളായ അനശ്വര ചലച്ചിത്രപ്രതിഭകൾ ഇന്നസെന്റിനും മോഹനും, സത്യൻ അന്തിക്കാടും കമലും ആദരം സ്മരണാഞ്ജലിയർപ്പിക്കും. ഉത്ഘാടന - ആദര ചടങ്ങുകൾക്ക് പിന്നാലെ, ശരണ്യ സഹസ്രയും സംഘവും അവതരിപ്പിക്കുന്ന കഥക് നൃത്തവും വൈകീട്ട് 7.30 ന് ആൽമരം മ്യൂസിക് ബാൻഡിന്റെ അവതരണവും ഉത്ഘാടന വേദിയിൽ നടക്കും. നാളെ മുതൽ സായന്ത നങ്ങൾ നൃത്തസന്ധ്യകളായി മാറും. 27ന് വൈകീട്ട് 4.30ന് ഫ്യൂഷൻ, 5ന് പടിയൂർ ശ്രീ ശങ്കര നൃത്തവിദ്യാലയം, ഇരിഞ്ഞാലക്കുട ഓം നമഃശിവായ നൃത്തകലാക്ഷേത്രം, എടക്കുളം ലാസ്യ പെർഫോമിംഗ് ആർട്സ്, ഇരിഞ്ഞാലക്കുട നൃത്തതി നൃത്തക്ഷേത്ര, മൂർക്കനാട് ഭരതനാട്യ ഡാൻസ് വേൾഡ്, ചെട്ടിപ്പറമ്പ് ശ്രീശങ്കര നാട്യകലാക്ഷേത്ര, കരുവന്നൂർ നാട്യപ്രിയ കലാലയം എന്നിവരുടെ അവതരണങ്ങൾ നൃത്തസന്ധ്യയിൽ വിരിയും. സാംസ്കാരിക സമ്മേളനവും കൊറ്റനെല്ലൂർ സമയ കലാഭവന്റെ 'നല്ലമ്മ' നാടപ്പാട്ട് - നാടൻ കലാരൂപ അവതരണങ്ങളും തുടർന്ന് നടക്കും.

28 ശനിയാഴ്ച വൈകീട്ട് 5 ന് നൃത്തസന്ധ്യ തുടരും. നടവരമ്പ് മാണിക്യം കലാക്ഷേത്ര, കാട്ടൂർ അഭിനവ നാട്യകലാക്ഷേത്രം എന്നിവയുടെ അവതരണങ്ങൾ അരങ്ങേറും. 7 മണിക്ക് സാംസ്കാരിക സമ്മേളനം. തുടർന്ന്, സിത്താരാ കൃഷ്ണകുമാറിന്റെ സംഘം അവതരിപ്പിക്കുന്ന മ്യൂസിക് ബാൻഡും രാത്രിയെ ഉണർത്തും.

സമാപനദിനമായ 29 ഞായറാഴ്ച വൈകീട്ട് 5ന് നൃത്തസന്ധ്യയിൽ അവിട്ടത്തൂർ ചിലമ്പൊലി നൃത്തവിദ്യാലയത്തിന്റെയും ഇരിഞ്ഞാലക്കുട ഭരത് വിദ്വത് മണ്ഡൽ നാട്യകളരിയുടെയുമാണ് അവതരണങ്ങൾ. വൈകീട്ട് 7 ന് സമാപന സമ്മേളനം. ഗൗരി ലക്ഷ്മിയും സംഘവും അവതരിപ്പിക്കുന്ന ഡാൻസ് മ്യൂസിക് ബാൻഡോടെയാവും പുതുവർഷത്തിന് സ്വാഗതമോതി വർണ്ണക്കുടയ്ക്ക് സമാപനമാവും.

ധ്രുവ മ്യൂസിക്കിന്റെ സെലിബ്രേഷൻ 2024

തൃപ്രയാർ: ധ്രുവ മ്യൂസിക്കിന്റെ രണ്ടാമത് സെലിബ്രേഷൻ 2024 ഡിസംബർ മാസം 29ന് MLA മുകുന്ദൻ, തൃപ്രയാർ നാട്ടിക സർവീസ് ബാങ്ക് ഓഡിറ്റോറിയത്തിൽ ഉൽഘാടാനം ചെയ്യുന്നു. ഗാനരചയിതാവ് പീതാംബരൻ രാരംമ്പത്ത് അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ പ്രശസ്ത സിനിമ സീരിയൽ നടൻ ഉണ്ണി ബാലലീല 21ൽ പരം കലാപ്രതിഭകൾക്ക് അവാർഡുകൾ നൽകുന്നു. സിനിമാനിയ അസോസിയേഷൻ മെമ്പർമാരുടെ കലാപരിപാടികളും ബെസ്റ്റ് ആക്ടർ ആയി തിരഞ്ഞെടുത്ത ആർ എൽ വി രാമകൃഷ്ണൻ തുടങ്ങി ഒട്ടേറെ സിനിമ ആർട്ടിസ്റ്റുകളും അവാർഡിനായി സഹകരിച്ച പ്രമുഖ വ്യാപാരി പ്രതിനിധികളും പങ്കെടുക്കുന്നു .

ദേശീയ ഉപഭോക്തൃ ദിനാചരണം നടത്തി

കൊടുങ്ങല്ലൂർ : അല്ലിക്കന്റെസ് ആന്റ് കൺസ്യൂമേഴ്സ് ഫോറം കൊടുങ്ങല്ലൂർ ലീഗൽ സർവ്വീസസ് കമ്മിറ്റിയുമായി സഹകരിച്ച് ദേശീയ ഉപഭോക്തൃ ദിനാചരണം നടത്തി. ശൃംഗപുരം ഹെൽത്ത് കെയർ ഇൻസ്റ്റിറ്റ്യൂട്ട് ഹാളിൽ സംഘടിപ്പിച്ച സമ്മേളനം ബഹു. അഡ്വ. വി.ആർ. സുനിൽ കുമാർ എം.എൽ.എ. ഉദ്ഘാടനം ചെയ്തു. കേരളീയരുടെ നിത്യജീവിതത്തിലെ ഒഴിച്ചുകൂടാൻ കഴിയാത്ത വിഷയമായി ഉപഭോക്തൃ പ്രശ്നങ്ങൾ മാറിയിരിക്കയാണെന്ന് ഉദാഹരണങ്ങൾ നിരത്തി എം.എൽ എ ചൂണ്ടികാണിച്ചു.ഫോറം വൈസ് പ്രസിഡണ്ട് കുഞ്ഞുമുഹമ്മദ് കണ്ണാംകുളത്ത് അധ്യക്ഷത വഹിച്ചു. അഡ്വ .അബ്ദുൾ കാദർ ഉപഭോക്തൃനിയമത്തെ കുറിച്ച് ക്ലാസ്സ് നയിച്ചു.

ലീഗൽ സർവ്വീസ് കമ്മിറ്റിയുടെ സേവനങ്ങളെ കുറിച്ച് അഡ്വ. എൻ.വി. ആനന്ദം വിശദീകരിച്ചു. ബസ്സ് കാത്തിരുപ്പ് കേന്ദ്രങ്ങളിലെ ഉരുണ്ട സ്റ്റീൽ പൈപ്പ് ഇരിപ്പടങ്ങളുടെ അശാസ്ത്രീയ ത ചൂണ്ടിക്കാണിച്ചതിനെ തുടർന്ന് പരിഹരിക്കണമെന്ന് നിർദ്ദേശിക്കുന്ന ഉത്തരവ് നേടിയെടുത്ത ഫോറം സെക്രട്ടറി സി.എസ്. തിലകനെ എം.എൽ .എ .വി. ആർ .സുനിൽകുമാർ പൊന്നാട ചാർത്തി അനുമോദിച്ചു. സുധീർ ഗോപിനാഥ്, പി.എ. സീതി മാസ്റ്റർ ,ലീഗൽ സർവ്വീസ് വളണ്ടിയർ രജനി എന്നിവർ സംസാരിച്ചു.

ഹോട്ടലുകളിലെ അടുക്കള ഭക്ഷണം കഴിക്കാൻ എത്തുന്നവർക്ക് കാണുന്ന രീതിയിലാക്കുക, ആശുപത്രികളിലെ ഐ.സി.യു കളിലെ രോഗികളെ ബന്ധുക്കൾക്ക് പുറത്തു നിന്ന് കാണുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക, താലൂക്ക് തലത്തിൽ ഉപഭോക്തൃ തർക്കപരിഹാര ഫോറങ്ങൾ സ്ഥാപിക്കുക തുടങ്ങിയ പ്രമേയങ്ങൾ സമ്മേളനം അംഗീകരിച്ചു സി .എസ്. തിലകൻ സ്വാഗതവും പ്രൊഫ. കെ. അജിത നന്ദിയും പറഞ്ഞു

തിരുനാൾ കൊടിയേറ്റം നാളെ

പുതുക്കാട്: തെക്കേ തൊറവ് സെന്റ് ആൻറണിസ് ദേവലയത്തിലെ ഇടവക മധ്യസ്ഥനായ വി.അന്തോണിസിന്റേയും വി.സെബസ്ത്യാനോസിന്റേയും പരിശുദ്ധ കന്യാമറിയത്തിന്റേയും സംയുക്ത തിരുനാൾ 2025 ജനുവരി 3, 4, 5, 6, തിയ്യതികളിൽ വിവിധങ്ങളായ പരിപാടികളോടെ നടത്തപ്പെടുന്നു.

2024 ഡിസംബർ 27 വെള്ളിയാഴ്ച വൈകിട്ട് 5 മണിക്ക് അമേരിക്കയിലെ ചിക്കാകോ രൂപത മെത്രാൻ മാർ. ജോയ് ആലപ്പാട്ട് പിതാവ് തിരുനാൾ കൊടിയേറ്റം നിർവഹിക്കും.

2025 ജനുവരി 3 വെള്ളിയാഴ്ച വൈകിട്ട് 7 മണിക്ക് വൈദ്യുത ദീപാലങ്കാരത്തിന്റെ സ്വിച്ച് ഓൺ കർമ്മം പുതുക്കാട് പോലിസ് സർക്കിൾ ഇൻസ്പക്ടർ സനീഷ് കുമാർ നിർവഹിക്കും. 2025 ജനുവരി 4 വിവധ യൂണിറ്റുകളുടെ അമ്പ് എഴുന്നള്ളിപ്പ് വൈകിട്ട് പള്ളിയിൽ സമാപിക്കും.

2025 ജനുവരി 5 രാവിലെ 10.30 ന് തിരുന്നാൾ ആഘോഷമായ പാട്ടുകുർബാന റവ.ഫാദർ തേജസ്സ് കുന്നപ്പിള്ളി (നവ വൈദികൻ) തിരുന്നാൾ സന്ദേശം റവ.ഫാദർ ഇഗ്നേഷ്യസ് നന്തിക്കര നൽകുന്നു വൈകിട്ട് 4 മണിക്ക് തിരുന്നാൾ പ്രദിക്ഷണം 7 മണിക്ക് പള്ളിയിൽ സമാപിക്കുന്നു

2025 ജനുവരി 6 തിങ്കൾ വൈകിട്ട് 6.30ന് ഗാനമേള പള്ളിയങ്കണത്തിൽ ഫാ .ക്രിസ്റ്റോൺ പെരുമാട്ടിൽ വികാരി, തിരുന്നാൾ ജനറൽ കൺവീനർ വർഗ്ഗീസ് തെക്കേത്തല, പള്ളി ട്രസ്റ്റിമാരായ ജോയ് നടക്കലാൻ, ഐസക്ക് കുറ്റിക്കാടൻ,പബ്ലിസിറ്റി കൺവീനർ ഷാജു മാപ്രാണത്തുകാരൻ എന്നിവർ പത്രകുറിപ്പിൽ അറിയിച്ചു

കുന്നംകുളത്ത് വീട് കുത്തിപ്പൊളിച്ച് വൻ കവർച്ച

കുന്നംകുളം : തൃശ്ശൂർ റോഡിൽ വാട്ടർ അതോറിറ്റി ഓഫീസിന് എതിർവശത്ത് റോഡ് സൈഡിൽ താമസിക്കുന്ന റിട്ട. സർവ്വേ സൂപ്രണ്ട് പരേതനായ ചന്ദ്രന്റെ വീട്ടിലാണ് ഇന്നലെ രാത്രിയിൽ മോഷണം നടന്നിട്ടുള്ളത്.

താഴത്തെ മുറിയിലെ അലമാരയിൽ സൂക്ഷിച്ചിരുന്ന 30 പവനോളം സ്വർണമാണ് നഷ്ടപ്പെട്ടത്.ഭാര്യ പ്രീത മാത്